# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 389      17.12.2014 ൽ മറുപടിയ്ക്ക്

**<u>പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രശസ്ത വിദേശ സർവ്വകലാശാലകളിൽ പഠനത്തിന് സ്കോളർഷിപ്പ്</u>**

| ചോദ്യം<br><br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. എ.പി. അബ്ദുള്ളകുട്ടി<br>ശ്രീ. ജോസഫ് വാഴയ്ക്കൻ | ഉത്തരം<br><br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| എ) സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രശസ്ത വിദേശ സർവ്വകലാശാലകളിൽ പഠനത്തിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) ഉണ്ട്. വിദേശപഠനത്തിന് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ലഭിക്കുമ്പോൾ പ്രസ്തുത അപേക്ഷയുടെ മെറിറ്റ് പരിഗണിച്ച് ഉചിതമായ തീരുമാനമെടുത്തു വരുന്നു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിദേശത്തു പോയി പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുകയും ചെയ്യുന്നുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) കോഴ്സ് പാസാകുന്ന വിദ്യാർത്ഥികൾക്ക് സ്വദേശത്തോ, വിദേശത്തോ ലഭിക്കുന്ന തൊഴിൽ സാധ്യതയാണ് ധനസഹായം അനുവദിച്ച് നൽകുന്നതിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. |

| | |
|---|---|
| സി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) വിവിധ വിദേശരാജ്യങ്ങളിലെ യൂണിവേഴ്സിറ്റികൾ ഓരോ കോഴ്സുകൾക്കും വ്യത്യസ്ത നിരക്കുകളാണ് ഈടാക്കുന്നത് എന്നതിനാൽ അപേക്ഷകർക്ക് രേഖകളുടെ അടിസ്ഥാനത്തിൽ പഠനാവശ്യത്തിനാവശ്യമായ തുക അനുവദിച്ചു നല്കുന്നു. |
| ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഭരണ തലത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ? | ഡി) വിദ്യാർത്ഥിയുടെ അപേക്ഷയുടെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവില്ലൂടെയാണ് ധനസഹായം അനുവദിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ.